LIBRARY ARCHIVES Kerala Legislative Assembly

സഹകരണ കടാശ്വാസ പദ്ധതി/സഹകരണ റിസ്ക് ഫണ്ട് പദ്ധതി

83(2121) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ കടാശ്വാസ പദ്ധതി/സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ധനസഹായം ഓരോ ജില്ലയിലും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വായ്പയെടുക്കുന്നവർ മരണപ്പെടുകയാണെങ്കിൽ കടിശ്ശിക ഇളവുകൾക്ക് പുറമേ മാരക രോഗങ്ങൾ പിടിപെടുന്ന വായ്പക്കാർക്ക് ധനസഹായം നൽകുന്നതിന് ഈ സർക്കാർ വന്നതിന് ശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നാളിതുവരെ സഹകരണ ഫണ്ട് പദ്ധതിയിൽ ചേർത്തിട്ടില്ലാത്തതും നിലവിലുള്ളതുമായ വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിനും ഇത് സംബന്ധിച്ച അവബോധം സഹകാരികളിൽ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 23052 അപേക്ഷകളിലായി 156,64,50,124 രൂപ (നൂറ്റി അമ്പത്തിയാറ് കോടി അറുപത്തിനാല് ലക്ഷത്തി അൻപതിനായിരത്തി ഒരുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു :

ജില്ല	അപേക്ഷകളുടെ എണ്ണം	തുക
(1)	(2)	(3)
തിരുവനന്തപുരം	1181	10,44,68,058
കൊല്ലം	1200	11,11,06,617
പത്തനംതിട്ട	598	4,90,19,575
ആലപ്പുഴ	661	5,80,91,220
കോട്ടയം	1804	15,18,08,203
ഇടുക്കി	1266	6,54,64,953
എറണാകുളം	4411	27,90,72,079

(1)	(2)	(3)
തൃശ്ശൂർ	2635	19,04,59,027
പാലക്കാട്	1684	11,88,52,290
മലപ്പുറം	1789	11,98,76,570
കോഴിക്കോട്	1062	8,22,41,819
വയനാട്	278	1,52,68,822
കണ്ണൂർ	3366	16,69,26,034
കാസർഗോഡ്	1177	5,37,94,857
ആകെ	23052	156,64,50,124

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുകയും വായ്പയെടുത്തശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. മാരകരോഗങ്ങളുടെ പട്ടികയിൽ കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്.

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത വായ്പകളെ പദ്ധതിയിൽ ചേർക്കുന്നതിന് കാലാകാലങ്ങളിൽ അനുമതി നൽകിവരുന്നുണ്ട്. പദ്ധതി നിലവിൽ വന്ന 2008 ഏപ്രിൽ മാസം ഒന്നിന് നിലനിന്നിരുന്ന വായ്പകൾക്ക് പദ്ധതിയിൽ ചേർക്കുന്നതിന് 3 മാസവും 24-7-2014-ലെ റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതിപ്രകാരം 6 മാസവും സമയം അനുവദിച്ചിരുന്നു. വായ്പ വിതരണം ചെയ്യുന്ന എല്ലാ വായ്പാ സഹകരണ സംഘങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്നും ചേരാത്ത സംഘങ്ങളുടെ വായ്പാ വിതരണത്തിനുള്ള അവകാശം റദ്ദ് ചെയ്യുന്നതാണെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുമെന്ന് റിസ്ക് ഫണ്ട് നിയമാവലിയിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ എല്ലാ വായ്പക്കാരെയും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സഹായകരമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly